**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **11-10-2024 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദൂര വിദ്യാഭ്യാസത്തെ ശാക്തീകരിക്കാൻ 2020 ഒക്ടോബർ മാസം സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന്അറിയിക്കാമോ; | (എ) | ബഹു. മുഖ്യമന്ത്രി 2020 ഒക്ടോബർ 2 ന് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല രാജ്യത്തിന് സമർപ്പിച്ചു. ആദ്യ വർഷ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിച്ചു. 2021 ൽ യു.ജി.സി. അംഗീകാരം കിട്ടിയ മുറയ്ക്ക് പഠന സാമഗ്രികൾ തയ്യാറാക്കുന്നതിനായി പദ്ധതി വിഹിതം അനുവദിച്ചു. തുടർന്ന് 56 അധ്യാപക തസ്തികകളും 62 അനധ്യാപക തസ്തികകളും അനുവദിച്ചു. തലശ്ശേരി, കോഴിക്കോട്, പട്ടാമ്പി, എറണാകുളം റീജിയണൽ കേന്ദ്രങ്ങൾ അനുവദിച്ചു. അവിടങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡയറക്ടർമാരെ നിയമിച്ചു. 11.10.2024 പ്രാബല്യത്തിൽ 28ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളായി നിലവിൽ 28 ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളായി 49,471 വിദ്യാർത്ഥികൾ പഠിക്കുന്നു. ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കാനുള്ള ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സമർപ്പിച്ച നിർദേശങ്ങളിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് അറിയിക്കാമോ ; | (ബി) | പുതിയ തസ്തതികകൾ സൃഷ്ടിക്കാനുള്ള ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; 28 പ്രോഗ്രാമുകൾക്ക് (നാല് വർഷ യു.ജി പ്രോഗ്രാം - 6, യു.ജി - 10, പി.ജി - 12) യു.ജി.സി അംഗീകാരം ഉള്ളതും 22000 ത്തോളം വിദ്യാർത്ഥികൾ നിലവിൽ പഠനം നടത്തി വരുന്നതുമായ സർവകലാശാലയിൽ നാളിതുവരെയും സ്ഥിരം തസ്തിക സൃഷ്ടിക്കാത്ത കാരണം വ്യക്തമാക്കാമോ; | (സി) | പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലയിലെ ഓപ്പൺ പ്രോഗ്രാമുകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റിയതിനാൽ പ്രസ്തുത 4 യൂണിവേഴ്സിറ്റികൾക്ക് പ്രതിവർഷം തനതു വരുമാനത്തിൽ വരുന്ന നഷ്ടം എത്രയാണെന്ന് വിശദീകരിക്കാമോ; ഇതുമൂലം പ്രസ്തുത യൂണിവേഴ്സിറ്റികളിൽ നഷ്ടപ്പെട്ട തസ്തികകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കാനുള്ള എന്തെങ്കിലും നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്ന് നാളിതുവരെ ആയി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ? | (ഡി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് ഓപ്പൺ പ്രോഗ്രാമുകൾ മാറ്റിയതുമൂലം മാത്രം പ്രതിവർഷം മറ്റ് യൂണിവേഴ്സിറ്റികൾക്കുണ്ടായ തനത് വരുമാന നഷ്ടം പ്രത്യേകം കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ